| പതിനാലാം കേരള നിയമസഭ | |
|---|---|
| പതിമൂന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4 | 28/11/2018 ൽ മറുപടിക്ക് |
| <u>സർക്കാർ സർവ്വീസിലെ അഴിമതി</u> | |
| ചോദ്യം | മറുപടി |
| ശ്രീ. കെ. ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | പൊതുജീവിതത്തിൽ നിന്ന് അഴിമതി തുടച്ചുമാറ്റുന്നതിന് പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിന് കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അഴിമതി ആരോപണങ്ങൾ ലഭിക്കുന്ന ഓഫീസുകൾ കേന്ദ്രീകരിച്ചുള്ള ത്വരിതപരിശോധനയും നിരീക്ഷണവും, ആരോപണവും പരാതിയും ലഭിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പഴുതടച്ചുള്ള അന്വേഷണ സംവിധാനത്തിലൂടെ നടപടിയും സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണനിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.<br>ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>അതോടൊപ്പം, സാങ്കേതിക സംവിധാനങ്ങൾ മികവുറ്റതാക്കുന്നതിലൂടെ അന്വേഷണം കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയും. കേസുകളിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് കുറ്റമറ്റ ഒരു നിയമവിഭാഗം വിജിലൻസിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമെ, വരവിൽ കഴിഞ്ഞ സ്വത്ത് സമ്പാദിച്ചവരെ പ്രത്യേക നിരീക്ഷണത്തിലൂടെ കണ്ടെത്തുന്നതിനും, പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതികൾ നൽകുന്നതിനായി **www.publicvig.in** എന്ന വെബ്സൈറ്റ് സൗകര്യവും ടോൾ ഫ്രീ നമ്പരായ 1084 ഉം വിജിലൻസ് ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മറ്റ് അവബോധന പദ്ധതികളും ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതി കേസുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 23.11.2018 വരെ 476 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ സർവ്വീസിലെ . അഴിമതി സമ്പൂർണ്ണമായും ഇല്ലാതാക്കുന്നതിനും, ജീവനക്കാരുടെ വരവിൽ കവിഞ്ഞ സ്വത്ത് കണ്ടുകെട്ടുന്നതിനും ആവശ്യമായ കർശന നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ? | (സി) | സർക്കാർ സർവ്വീസിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യം വിജിലൻസ് സ്പെഷ്യൽ സെല്ലുകൾ മുഖേന അന്വേഷണം നടത്തി മതിയായ തെളിവുകൾ ലഭിക്കുമ്പോൾ അവർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ